# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടകാമ്പാല് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി7) 907/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടകാമ്പാല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി7) 907/2022 തീയ്യതി: 28/06/2022

## തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 05-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യാ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോയ്സൻ, ഓഡിറ്റർ
ശ്രീമതി രേഖ ഇ സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി കെ സദാനന്ദൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബൈജു എ ജെ | സെക്രട്ടറി - ഇൻ - ചാർജ് | 01-04-2019 | 03-05-2019 |
| ശ്രീമതി പി ശ്രീകുമാരി | സെക്രട്ടറി | 04-05-2019 | 31-03-2020 |
| ശ്രീ പ്രസൂൺ പി പി | അസി.എഞ്ചിനീയർ | 01-04-2019 | 15-08-2019 |
| ശ്രീ ജ്യോതിരാജ് പി എസ് | അസി.എഞ്ചിനീയർ | 16-08-2019 | 31-03-2020 |
| ശ്രീ വിജീഷ് പി വി | കൃഷി ഓഫീസർ | 01-04-2019 | 22-09-2019 |
| ശ്രീമതി അമല ടി | കൃഷി ഓഫീസർ | 23-09-2019 | 31-03-2020 |
| ഡോ.ജെറ്റ്സി മാത്യൂ പി | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 01-04-2019 | 31-03-2020 |
| ഡോ.ഷബ്ന കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.നിഖിൽ ജോസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ജ്യോതി ശ്രീധരൻ | വെറ്ററിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ.സിൻസി ജോസഫ് ബി | വെറ്ററിനറി സർജൻ | 17-09-2019 | 31-03-2020 |
| ശ്രീമതി ഷീല സി സി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ ഷിജു കെ എം | വി ഇ ഓ പഴഞ്ഞി സർക്കിൾ | 01-04-2019 | 30-08-2019 |
| ശ്രീ രഘുനാഥൻ എ വി | വി ഇ ഓ പഴഞ്ഞി സർക്കിൾ | 31-08-2019 | 31-03-2020 |
| ശ്രീ ഷിജു കെ എം | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 01-04-2019 | 22-05-2019 |
| ശ്രീമതി മിലി ടി പി | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 22-05-2019 | 31-07-2019 |
| ശ്രീ ഷിജു കെ എം | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 01-08-2019 | 31-08-2019 |
| ശ്രീമതി മിലി ടി പി | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 05-09-2019 | 01-10-2019 |

| | | | |
|---|---|---|---|
| ശ്രീ കപിൽദവ് പി സി | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 01-10-2019 | 30-11-2019 |
| ശ്രീ രഘുനാഥൻ എ വി | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 01-12-2019 | 31-03-2020 |
| ശ്രീ എ ജെ ബൈജു | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി ഷാനിബ ടി എം | അസി.സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി രശ്മി പി ആർ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജിഷ കെ ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-5 |
| 6 | സാമൂഹ്യക്ഷേമപെൻഷനുകൾ<br>Written By: P.G.Sadanandan (Audit Officer, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-9 |
| 10 | വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-10 |
| 11 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററുമ പൊരുത്തപ്പെടുന്നില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-11 |
| 12 | ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-12 |
| 13 | വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-13 |
| 14 | ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-14 |
| 15 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കമായി പൊരുത്തപ്പെടുത്തി | 1-15 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | |
| 16 | "280000000-Prior Period Item"-വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-16 |
| 17 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ-വൗച്ചർ ,അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-17 |
| 18 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-18 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-19 |
| 20 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-21 |
| 22 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-22 |
| 23 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-23 |
| 24 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-24 |
| 25 | "Directly Debited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-25 |
| 26 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-26 |
| 27 | Capital Work In Progress-തുകയിൽ വ്യത്യാസം<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-27 |
| 28 | വസ്തുനികുതി നിർണ്ണയിച്ചില്ല<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 17-06-2022) | 1-28 |
| 29 | ക്രമവത്ക്കരണ ഫീസ് ഈടാക്കിയില്ല.<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-29 |

| | | |
|---|---|---|
| 30 | RoW(Right Of Way)അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-30 |
| 31 | പെർമിറ്റ് ,വസ്തുനികുതി നിർണ്ണയം അപാകതകൾ<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-31 |
| 32 | ആശ്രയ -പദ്ധതി വിഹിതം കുടുംബശ്രീ അക്കൌണ്ടിൽ വരവ് വച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-32 |
| 33 | മിനിമാസ്റ്റ് സ്ഥാപിക്കൽ -സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നടപ്പാക്കിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-33 |
| 34 | ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-34 |
| 35 | തെരുവ് വിളക്കകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-35 |
| 36 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-36 |
| 37 | കോഴി വളർത്തൽ പദ്ധതികൾ - അപാകങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-37 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയിൽ ചെലവഴിക്കാത്ത തുക ക്രമീകരിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-38 |
| 39 | നേരിട്ട് ചെലവഴിക്കപ്പെടുന്ന ഗുണഭോക്തൃവിഹിതം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-39 |
| 40 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-40 |
| 41 | മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-41 |
| 42 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി-കൃത്യമായ യോഗം ചേരൽ നടക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 1-42 |
| 43 | പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-43 |
| 44 | ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 11-06-2022) | 1-44 |

| | | |
|---|---|---|
| | Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | |
| 45 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിങ്ങ് റിപ്പോർട്ട് കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 3-1 |
| 2 | മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 28-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 20-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 22.02.2019 | 1(1) | 201351250 | 201289340 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 09.03.2020 | 2(1) | 99932783 | 93591229 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 04.06.2020 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4852163 |
| വരവ് | 65086030 |
| ആകെ | 69938193 |
| ചെലവ് | 58833325 |
| നീക്കിയിരിപ്പ് | 11104868 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 14399659 | 14399659 | 11390693 | 3008966 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 9911471 | 9911471 | 7165920 | 2745551 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 9742000 | 9742000 | 4948251 | 4793749 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 3763000 | 3763000 | 3026011 | 736989 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9801416 | 9801416 | 4863263 | 4938153 |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 0 | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 0 | 0 | 0 | 0 | 1098018 |
| ICDS | 0 | 1011399 | 1011399 | 504327 | 507072 |
| M P FUND | 0 | 694464 | 694464 | 694464 | 0 |
| ശുചിത്വ മിഷൻ | 0 | 0 | 0 | 0 | 392063 |
| തൊഴിലുറപ്പ് പദ്ധതി | 0 | 299000 | 299000 | 299000 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 198 | 48611000 | 135 | 26340695 | 23 | 63 | 68.18 |

## 1-6 സാമൂഹ്യക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1379400 | 189 |
| വിധവാ പെൻഷൻ | 8382000 | 1337 |
| വാർദ്ധക്യകാല പെൻഷൻ | 10029000 | 1590 |
| വികലാംഗ പെൻഷൻ | 1794100 | 284 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 985800 | 165 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3695 | 794829 | 798524 | 470590 | 327934 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15047780 | 15047780 | 15047780 | 0 |

വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,495/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം (റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1881065 | 1865710 | 35274 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1881065 | 1846206 | 22750 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക, മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 22 തീ: 10-06-2022, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററുമ പൊരുത്തപ്പെടുന്നില്ല

നോൺ - റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 11,07,021 | 11,02,171 | 7,131 | 0 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 11,07,021 | 11,00,207 | 2,350 | 0 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 22 തീ: 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 97,366 | 0 | 97,366 | 95,622 | 0 | 95,622 | 2,233 | 0 | 489 | 0 | 489 |
| | നോൺ-റെസിഡൻഷ്യൽ | 56,079 | 0 | 56,079 | 55639 | 0 | 55,639 | 400 | 0 | 40 | 0 | 40 |
| | ആകെ | 1,53,445 | | 1,53,445 | 1,51,261 | | 1,51,261 | 2,633 | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,53,445 | | | 1,51,261 | | | | 1,53,445 | 0 | | |
| | | (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 22 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്‌വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of | 22,750 | 35,274 |

| | | | |
|---|---|---|---|
| | Revenues -Property Tax On Residential Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2,350 | 7,131 |

## 1-14 ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ 188 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 29,88,086 മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.
ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
ഡിമാൻഡും കളക്ഷനും തമ്മിൽ 28,350/- രൂപയുടെ വ്യത്യാസം കാണുന്നു.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-16 "280000000-Prior Period Item"-വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 12,524 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 4,781 |
| 280100105 Prior Period Income-Service Cess On Residential Buildings | 2,012 |
| 280100106 Prior Period Income-Service Cess On Non-Residential Buildings | 738 |
| 280200401 Prior Period Income - Other Incomes 1,717.00 | (1000) |
| 280800701 Prior Period - Revenue Grants & Contributions 1,100.00 | (5,58,098) |

(ഓഡിറ്റ് എൻക്വയറി 22 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ-വൗച്ചർ ,അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 22 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 22 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 22 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | ആകെ വരവ് | ആകെ ചെലവ് |
|---|---|---|
| വാർഷിക ധനകാര്യ പത്രപ്രകാരം | 15142988/- | 15142988/- |
| ക്യാഷ്ബുക്ക് പ്രകാരം | 15845180/- | 15845180/- |

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,37,400/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 40,89,327/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

1. 450230101 District Co-operative Bank - Own Fund
2. 450250101 VPFA-I
3. 450250102 Treasury - Own Fund-VPFA-I_2 0.00
4. 450250110 Treasury TSB A/C
5. 450410101 Canara Bank-NREGA
6. 450420101 STATE BANK OF INDIA
7. 450430101 Thrissur District Co-Operative Bank -OLD
8. 450430102 E.M.S.Housing Loan
9. 450430103 Thrissur Dist Co-op Bank(distress Relief Fund)
10. 450610101 SBT-Plan 2,009,510.00 450650101 VPFA-II
11. 450650102 VPFA-III
12. 450650103 VPFA-IV-CFC-Award Grant
13. 450650104 VPFA-V-KLGSDP Grant
14. 450650105 VPFA-III_4
15. 450650106 VPFA-III_5
16. 450650108 VPFA-III_7
17. 450650109 Treasury Special TSB - Joint Venture

ചട്ടപ്രകാരം പ്രതിമാസ ബാങ്ക് റികൺസിലിയേഷൻ പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

## 1-23 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 50,43,435/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-24 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ 4,94,98,550/- യും 31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം 6,05,44,498/- ചേർത്തിരിക്കുന്നത്. അധികമായി ഉൾപ്പെടുത്തിയിട്ടുള്ള 1,10,45,948/- തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 “Directly Debited By Bank” എന്ന ഇനത്തിൽ ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2020 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക
" Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക | ബാങ്ക് അക്കൗണ്ട് |
|---|---|---|
| 25.11.19 | 47,711 | ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റിവ് ബാങ്ക് -450230101 |
| 24.9.19 | 7,936 | എസ്.ബി.ഐ.450420101 |

## 1-26 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 8,84,687 | 450650109 | ട്രഷറി സ്പെ. ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 29,89,766 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 10,73,212 | | | |
| 3. | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7,00,000 | | | |
| 4 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 5,00,000 | | | |
| 5 | 320700404 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,31,290 | | | |
| 6 | 320700405 | ജില്ലാ പഞ്ചായത്ത് വിഹിതം | 10,000 | | | |
| | | | 32,99,189 | | | |

## 1-27 Capital Work In Progress-തുകയിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/20 ൽ

പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 7,93,114 രൂപയാണ്. എന്നാൽ 31/3/20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 24,28,470 രൂപയാണ്.

## 1-28 വസ്തുനികുതി നിർണ്ണയിച്ചില്ല

ഫയൽ നം.എ4/257/20 തി.14.1.20 പ്രകാരം അബ്ദുൾ റഷീദ്, സീനത്ത്, മൂള്ളത്ത് വളപ്പിൽ, കാഞ്ഞിരത്തിങ്കൽ എന്നവരുടെ 188.42 ച.മീ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടത്തിന് ക്രമവത്ക്കരണം നൽകിയിട്ടുണ്ട്. മൊത്തം വിസ്തീർണ്ണത്തിൽ 138.95 ച.മീ പണി പൂർത്തീകരിച്ചതും, 49.47 ച.മീ പണിപൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. അസി.എഞ്ചിനീയറുടെ റിപ്പോർട്ടിൽ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഈ കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 30/13.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ക്രമവത്ക്കരണ ഫീസ് ഈടാക്കിയില്ല.

പെർമിറ്റ് നം.97/2017-18 തി.20.9.2017 പ്രകാരം ശ്രീ.മുഹമ്മദ് ഫിനാൻസ് &മുഹമ്മദ് ഫാജിഷ്, പഴമുക്കിൽ ഹൗസ്, അയിനൂർ എന്നവർക്ക് 2564.40 ച.മീ വിസ്തൃതിയിലുള്ള ഓഡിറ്റോറിയത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 2646.36 ച.മീ വിസ്തൃതിയുണ്ട്. കെട്ടിടത്തിന് 6/309D എന്ന നമ്പർ നൽകിയിട്ടുണ്ട്. അധിക നിർമ്മാണം ക്രമവത്ക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 30/13.6.22 നൽകി എന്നാൽ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ കെട്ടിടം ക്രമവത്ക്കരണ ഫീസ് ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ ഈടാക്കേണ്ടതാണ്.

## 1-30 RoW(Right Of Way)അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയില്ല

അപേക്ഷ നം.എ4/5044/19 തി.18.10.19 പ്രകാരം വോഡഫോൺ ഐഡിയ എന്ന സ്ഥാപനം ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിനായി അപേക്ഷ സമർപ്പിച്ചു. പഴഞ്ഞി-മങ്ങാട് റോഡ്, സെന്റ് മേരീസ് റോഡ്, പഴഞ്ഞി കള്ള് ഷാപ്പ് റോഡ് എന്നിവ മുറിക്കുന്നതിനാണ് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. 11.3.2020-തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റി 20(1) നമ്പർ തീരുമാന പ്രകാരം ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. കത്ത് നം.എ2/5044/19 തി.12.3.20 പ്രകാരം സെക്രട്ടറി ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിന് അനുമതി നൽകി. വോഡഫോൺ ഐഡിയ എന്ന സ്ഥാപനത്തിന് ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിന് ഐ.റ്റി വകുപ്പിൽ നിന്നുള്ള RoW(Right Of Way)അനുമതി സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/13.6.22 നൽകിയെങ്കിലും, ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഐ.റ്റി വകുപ്പിൽ നിന്നുള്ള RoW (Right Of Way) അനുമതി സാക്ഷ്യപത്രം ഉണ്ടെങ്കിൽ മാത്രം ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിന് അനുമതി നൽകാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഐ.റ്റി വകുപ്പിൽ നിന്നുള്ള RoW (Right Of Way) അനുമതി സാക്ഷ്യപത്രം ഇല്ലെങ്കിൽ ആയത് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-31 പെർമിറ്റ് ,വസ്തുനികുതി നിർണ്ണയം അപാകതകൾ

1. ഫയൽ നം.എ4/7249 തി.19.12.19 പ്രകാരം ശ്രീ.സിംല &ശ്രീമതി ഷൈമ, കരുതലിൽ ഹൗസ് എന്നവരുടെ രണ്ടാം നിലയിലെ 175.56 ച.മീ വിസ്തൃതിയിലുള്ള മുറികൾക്ക് നമ്പർ (4/39A To G) അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പ് എ1 ഗണത്തിലാണ് കെട്ടിടം ക്രമവത്ക്കരിച്ചിട്ടുള്ളത്. കെട്ടിടത്തിന് താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയായ 4രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഹോസ്റ്റൽ പോലെ മുറികളാണ് പൂർത്തീകരണ പ്ലാനിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ എന്തുകൊണ്ടാണ് ഈ കെട്ടിടത്തെ ഗ്രൂപ്പ് എ1 ഗണത്തിൽ ക്രമവത്ക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ചത് (4രൂപ/ച.മീ എന്ന നിരക്കിലാണ്) എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 30/13.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗം പരിശോധിച്ച്, സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ, ലോഡ്ജിങ്ങ് എന്നി ഗണത്തിലുള്ള വസ്തുനികുതിയുടെ അടിസ്ഥാന നിരക്ക് നൽകി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. പെർമിറ്റ് നം.എ4-ബിഎ(346779)/19 തി.6.12.19 പ്രകാരം ഫഹറുദ്ദീൻ & ഫസില, കലയിവളപ്പിൽ ഹൗസ് എന്നവർക്ക് 180.63 ച.മീ വിസ്തൃതിയിലുള്ള സ്പെഷൽ റസിഡൻഷ്യൽ(A2) കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ഫയൽ നം.എ4/6563/21 തി.14.8.21 പ്രകാരം ഈ കെട്ടിടത്തിന് VIII/403 G,H,I നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. താമസ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 4 രൂപ/ച.മീ എന്ന നിരക്കിലാണ്. വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. പെർമിറ്റ് പ്രകാരം സ്പെഷൽ റസിഡൻഷ്യൽ (A2) കെട്ടിടത്തിന് താമസ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 4രൂപ/ച.മീ എന്ന നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 30/13.6.22

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗം പരിശോധിച്ച്, സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ, ലോഡ്ജിങ്ങ് എന്നി ഗണത്തിലുള്ള വസ്തുനികുതിയുടെ അടിസ്ഥാന നിരക്ക് നൽകി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-32 ആശ്രയ -പദ്ധതി വിഹിതം കുടുംബശ്രീ അക്കൌണ്ടിൽ വരവ് വച്ചിട്ടില്ല

പ്രോജക്ട് – ആശ്രയ(3/20)
നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 100000

ചെലവ് - 50000 (വികസന ഫണ്ട് ജനറൽ 37500, ബ്ലോക്ക് വിഹിതം 12500)

വൗച്ചർ നമ്പർ – 21900923/18.11.2019

മേൽ പദ്ധതി പ്രകാരം വികസന ഫണ്ട് ജനറൽ വിഹിതമായ 37,500/- രൂപ കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ കാനറബാങ്ക് അക്കൗണ്ട് നമ്പറായ 0717101057836 ലേക്ക് (ആശ്രയ അക്കൗണ്ട്) 18/11/2019ൽ നൽകിയിട്ടുണ്ട്. ടി തുക പ്രസ്തുത ബാങ്ക് പാസ്സ്ബുക്കിലും കുടുംബശ്രീയുടെ ക്യാഷ് ബുക്കിലും വരവ് വന്നിട്ടില്ല. മേൽ അക്കൗണ്ട് നമ്പർ 18/07/2019 ൽ ക്ലോസ് ചെയ്ത് ബാലൻസ് തുക (533775) അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് 0717101066777) മാറ്റിയിട്ടുണ്ട്. ഈ പാസ്സ് ബുക്കിലും ടി തുക വരവ് വന്നിട്ടില്ല. 18/07/2019 ൽ ക്ലോസ് ചെയ്ത് അക്കൗണ്ടിലേക്ക് 18/11/2019ൽ തുക ട്രാൻസ്ഫർ ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. കുടുംബശ്രീ മെമ്പർ സെക്രട്ടറിയായ അസിസ്റ്റന്റ് സെക്രട്ടറി ഇവരുടെ ക്യാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തികാണുന്നില്ല. ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് നൽകി കാണുന്നില്ല. തുക വരവ് വന്നതിന്റെയും, വിനിയോഗിച്ചതിന്റേയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 37500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു
(ഓഡിറ്റ് എൻക്വയറി നമ്പർ 15/9.6.2022)

## 1-33 മിനിമാസ്റ്റ് സ്ഥാപിക്കൽ -സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നടപ്പാക്കിയില്ല

പ്രോജക്ട് – മിനിമാസ്റ്റ് സ്ഥാപിക്കൽ സ്ഥാപിക്കൽ (135/20)

അടങ്കൽ - 500000/- (എസ്.സി.പി)

ചെലവ് – 498920/-
വൗച്ചർ നമ്പർ – 1. 21900943/9.12.2019,350000/-

2. 21901096/20.1.2020,148920/-

എസ്.സി സങ്കേതങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയത് ആർട്ട്കോയെയാണ്. 2019-20 ൽ ആർട്ട്കോ സമർപ്പിച്ച പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ ലെറ്ററിന്റെ അടിസ്ഥാനത്തിൽ 23/09/2019ൽ സെലക്ഷൻ നോട്ടീസ് നൽകി 26/09/2019ൽ ടി സ്ഥാപനവുമായി കരാറിൽ (കാരാർ നം.4-22/20/15,10,2019) ഏർപ്പെട്ടു പ്രവൃത്തി പൂർത്തീകരിച്ചു.

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതൾ കാണുന്നു.

1. 500000 അടങ്കൽ തുകയുള്ള പദ്ധതിക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ഇതിലും കുറവ് തുകയിൽ സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഇല്ലാതായി
2. ആർട്ട്കോയെ ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിനായി ചുമതലപ്പെടുത്തികൊണ്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. ആർട്ട്കോയെ ഈ പദ്ധതിയുടെ സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

4. ആർട്ട്കോയുടെ അക്രഡിറ്റേഷൻ വാലിഡിറ്റി കാലയളവ് നീട്ടികൊണ്ടുള്ള ജി.ഒ(ആർറ്റി)നം.19/2010/എസ്.പി.ഡി തീ.13/05/2019 എന്ന ഉത്തരവിന്റെ അനുബന്ധമായി ARTCO യ്ക്ക് വിതരണം നടത്താൻ കഴിയുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ക്രമനമ്പർ 71 മുതൽ 76 വരെ വിവിധ വാട്ട്സിലുള്ള Aluminium Diecast Streetlight വിതരണം നടത്തുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. മിനിമാസ്റ്റ് സ്ഥാപിക്കുക എന്ന പ്രസ്തുത പ്രവൃത്തിയുടെ അക്രഡിറ്റഡ് ഏജൻസിയായി ടി ഉത്തരവിൽ ARTCO യെ ചുമതലപ്പെടുത്തികാണുന്നില്ല.

5. പൊതുമരാമത്ത് പണികളുടെ അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുകൊണ്ടുള്ള G.O (P)No.77/2019/fin Dt.4.7.2019 ൽ ആർട്ട്കോയ്ക്ക് ഇന്റീരിയർ പ്രവൃത്തികൾ ചെയ്യുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആർട്ട്കോയെ ചുമതലപ്പെടുത്തിയത് എന്ത് മാനദണ്ഡത്തിന്റെ അടാസ്ഥാനത്തിലെന്ന് വ്യക്തമല്ല.

6. പദ്ധതിയ്ക്കുവേണ്ടി ക്ഷമതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി സങ്കേതങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കുക എന്ന 2018-19 ലെ (2019-20സ്പിൽ ഓവർ) ഇതേ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി ഇ ടെണ്ടർ നടപടികളിലൂടെയും കൃത്യമായ അളവുകൾ രേഖപ്പെടുത്തിയതിൻ പ്രകാരം തുക നൽകിയും ആണ് പഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ളത്. ഒരേ പദ്ധതി വ്യത്യസ്ഥ മാനദണ്ഡപ്രകാരം നിർവ്വഹിച്ചിരിക്കുന്നു.

7. കെ.എസ്.ഇ. ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല .

8. പദ്ധതിയുടെ കംപ്ലീഷൻ മോണിറ്ററിങ്ങ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല

9. സ്ട്രീറ്റ് ലെറ്റ് രജിസ്റ്ററിൽ മിനിമാസ്റ്റുകൾ സ്ഥാപിച്ചത് എവിടെയെല്ലാം എന്ന് രേഖപ്പെടുത്തിയിട്ടില്ല .

സർക്കാർ ഉത്തരവുകളിൽ ഓരോ അക്രഡിറ്റഡ് ഏജൻസിയും നിർവ്വഹിക്കേണ്ട പ്രവൃത്തികൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നിർവ്വഹിക്കാതിരിരുന്നതിനാലും പഞ്ചായത്തിന് ഇതിലും കുറഞ്ഞ നിരക്കിൽ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള അവസരം നഷ്ടമാവുകയും തുടർ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ കഴിയുന്നുണ്ടോ എന്ന് ഉറപ്പാക്കാനും കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവരെ ചെലവ് തുക 4,98,920/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 13/9.6.2022)

## 1-34 ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 44/20-വാദ്യോപകരണങ്ങൾ നല്കൽ | 147250<br>7750 | 21901099<br>21901088 | 23.01.2020<br>19.03.2020 | ശബ്ദകല പഴയന്നൂർ എന്ന സ്ഥാപനത്തിന് വാദ്യോപകരണത്തിന്റെ തുകയായി നല്കിയത്. ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റ ലെറ്റർ ഹെഡ്ഡിൽ നൽകിയ തുക 155000/- |

സർക്കുലർ നമ്പർ 18/19 ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജിഎസ് ടി നമ്പർ വ്യക്തമാക്കാത്ത, സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത , ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യോഗസ്ഥ ശബ്ദകല ഇൻസ്ട്രുമെന്റ്സ് എന്ന സപ്ലൈയർക്ക് തുക നല്കിയിട്ടുള്ളത്. ജിഎസ് ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 1,55,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി 16/9.06.2022)

## 1-35 തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം - സെക്രട്ടറി
പ്രോജക്റ്റ് - തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ(58/20)

അടങ്കൽ - 623027(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 514750

വൗച്ചർ നമ്പർ – 1. 21900942/9.12.2019,400000/-

2. 21901097/20.1.2020,114750 /-

2020-21 (സ്പിൽ ഓവർ)

പ്രോജക്റ്റ് – തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ (179/21)

അടങ്കൽ - 108277 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് – 108277

വൗച്ചർ നമ്പർ - 22000907/14.03.2021

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഇല്ലാത്ത പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ ഘടിപ്പിക്കുന്നതിനായി രൂപീകരിച്ച പദ്ധതി. പത്ര പരസ്യം നൽകി ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ നിർവ്വഹിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പഞ്ചായത്ത് കമ്മറ്റിയുടെ 06/09/2019ലെ 1(1) തീരുമാന പ്രകാരം ARTCO (Artisans Development Co-Operative LTD) യിൽ നിന്നും എൽ.ഇ.ഡി ലൈറ്റുകൾ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ARTCO യിൽ നിന്നും ലഭിച്ച സ്പെസിഫിക്കേഷൻ ലെറ്ററിൽ ഒരു എൽ.ഇ.ഡി ലൈറ്റിന്റെ നിരക്ക് 3550 (3170+12% GST) രൂപയാണ്. സെക്രട്ടറിയുടെ 21/10/2019 ലെ എ-02/20 നമ്പർ സപ്ലൈ ഓർഡർ പ്രകാരം 176 എൽ.ഇ.ഡി ലൈറ്റുകൾ സപ്ലൈ ചെയ്തിട്ടുണ്ട് (ഇൻവോയിസ് നമ്പർ 291/06.12.2019 തുക-624870). ഈ പ്രവർത്തിക്ക് 2019-20, 2020-21 വർഷങ്ങളിൽ മുകളിൽ പറഞ്ഞപ്രകാരം തുക നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1. 623027 അടങ്കൽ തുകയുള്ള പദ്ധതിക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. പദ്ധതി ടെണ്ടർ നടപടികളിലൂടെ നിർവ്വഹിക്കണമെന്ന തീരുമാനം മാറ്റാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. ARTCO പോലെയുള്ള അക്രഡിറ്റഡ് ഏജൻസികൾക്കും ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിന് തടസ്സമില്ല എന്ന വ്യവസ്ഥ നിലനിൽക്കേ നേരിട്ട് നിർവ്വഹണം എൽപ്പിച്ചതിന്റെ കാരണവും ഫയലിൽ നിന്നും വ്യക്തമല്ല.

2. ജി.ഒ(ആർറ്റി)നം.19/2010/എസ്.പി.ഡി തീ.13/05/2019 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ വാങ്ങൽ നടപടിയിൽ ഈ ഉത്തരവിന്റെ അനുബന്ധമായി ARTCO യ്ക്ക് വിതരണം നടത്താൻ കഴിയുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ക്രമ നമ്പർ 75 ആയി ഉൾപ്പെടുത്തിയിട്ടുള്ള Street Light Diecast Aluminium 25W ന് 2849/- രൂപയാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിൽ വിതരണം നടത്തിയിട്ടുള്ള LED മേൽ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നതാണോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

3. ARTCO യിൽ നിന്നും ലഭിച്ച സ്പെസിഫിക്കേഷൻ ലെറ്ററിൽ 3,550 രൂപയാണ്എൽ.ഇ.ഡി ബൾബിനും ഇൻസ്ററലേഷനും കൂടി ( 3170 രൂപ എൽ.ഇ.ഡി ബൾബിനും 380 രൂപ GSTയും ) രേഖപ്പെടിത്തിയിരിക്കുന്നത്. 3170 രൂപ ഇൻസ്റ്റലേഷൻ ചർജ്ജ് ഉൾപ്പെടെയെങ്കിൽ ആയതിന്റെ വിശദമായ എസ്ററിമേറ്റ് ലഭ്യമാക്കിയിട്ടില്ല. 2849/- രൂപയിൽ ഇൻസ്റ്റലേഷൻ ചർജ്ജ് ഉൾപ്പെടുന്നുണ്ടോ എന്ന വിഷയത്തിലും വ്യക്തവരുത്തന്നതിന് ആവശ്യപ്പെട്ടിരുന്നു.

4. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുക വഴി പൊതുമാർക്കറ്റിൽ നിന്നും ഇതിലും കുറഞ്ഞ നിരക്കിൽ പദ്ധതി നിർവ്വഹിക്കാനുള്ള സാധ്യത വിലയിരുത്തിയിട്ടില്ല.

5. ആർട്ട്കോ പോലെയുള്ള സ്ഥാപനങ്ങളെ നിലനിർത്തിപോരുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് കാലാകാലങ്ങളിൽ സർക്കാർ അംഗീകാരം ദീർഘിപ്പിച്ചുനൽകുന്നത്. ആയതിനാൽ ടി ഉത്തരവിൽ വ്യവസ്ഥ 4 ൽ "Manufacturing For The Above Pupose Does Not Include Mere Repacking Or Rebranding Or Merely Assemble Of Items But Shall Invovle At Least 25% Value Addition”. ഈ വ്യവസ്ഥ പ്രകാരം ഇവർ തന്നെ നിർമ്മാണം നടത്തിയിട്ടുള്ള LED ആണെന്ന് ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥനത്തിൽ സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല.

7. ആർട്ട്കോ യ്ക്ക് സപ്ലൈ ചെയ്യുന്നതിനുള്ള അനുമതിയുള്ളുവെന്നാണ് ഉത്തരവിൽ നിന്നും മനസ്സിലാകുന്നത്. ഇൻസ്റ്റലേഷൻ മറ്റ് അനുബന്ധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 176 LED കൾ എവിടെയെല്ലാം സ്ഥാപിച്ച വെന്ന് വ്യക്തമാക്കിയിട്ടില്ല.

9. പദ്ധതിയുടെ കംപ്ലീഷൻ, മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കും വരെ ചെലവ് തുക 623027 (514750+108277) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി6/8.9.2022)

## 1-36 പൊതുമരാമത്ത് പണികളുടെ നടത്തിപ്പിലെ അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി - ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ - ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ - കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) ആസ്തിയുടെ യുണീക്ക് നമ്പർ പ്രോജക്റ്റ് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.

5) ഓരോ പ്രവൃത്തികളുടേയും മോണിറ്ററിങ്ങ് റിപ്പോർട്ട് അതാത് ഫയലുകളോടൊപ്പം സൂക്ഷിക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/8.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-37 കോഴി വളർത്തൽ പദ്ധതികൾ - അപാകങ്ങൾ

| പ്രൊജക്റ്റിന്റെ പേരും നമ്പരും | 13/20- കോഴി വളർത്തൽ പദ്ധതി (വനിത) | 14/20- കോഴിവളർത്തൽ പദ്ധതി വനിത (എസ്.സി.) |
|---|---|---|
| നടപ്പാക്കിയ വർഷം | 2019-20 | 2019-20 |

| | | |
|---|---|---|
| അടങ്കൽ തുക | 4,00,000/- | 60,000/ |
| ചെലവഴിച്ച തുക | 3,38,580/- (വികസന ഫണ്ട്(ജനറൽ) - 1,67,580/-<br>ഗുണഭോക്തൃവിഹിതം - 1,71,000) | 59,400/- (വികസന ഫണ്ട്-എസ്.സി.പി- 44,400/-<br>ഗുണഭോക്തൃവിഹിതം- 15,000/-) |

2019-20 വർഷത്തിൽ വെറ്റിനറി സർജ്ജൻ നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് കോഴികളെ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്നും (മദേഴ്സ് ഫാം & എഗ്ഗർ നഴ്സറി, വടക്കാഞ്ചേരി) വാങ്ങി വിതരണം ചെയ്യുന്നു. ഒരു കോഴിക്ക് 110/- രൂപ നിരക്കിൽ ഒരു ഗുണഭോക്താവിന് 9 കോഴികളെ വീതം നൽകുന്നു. ജനറൽ വിഭാഗത്തിന് 50% ഉം പട്ടിക ജാതി വിഭാഗത്തിന് 75% ഉം സബ്സിഡി നൽകിയിട്ടുണ്ട്. മേൽ പദ്ധതികൾ പ്രകാരം 2019-20 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 342 ഗുണഭോക്താക്കൾക്കും പട്ടികജാതി വിഭാഗത്തിൽ 60 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. രണ്ട് പ്രൊജക്ടുകളിലുമായി ആകെ 3618 കോഴികളെ വാങ്ങിയിട്ടുണ്ട്. മേൽ പ്രൊജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. കോഴികളെ വാങ്ങിയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2. കോഴി വളർത്തൽ അപേക്ഷകൾ മിക്കവയും പൂർണ്ണമല്ല. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇല്ല., അപേക്ഷയോടൊപ്പമുള്ള കൈപ്പറ്റ് രസീതിയിൽ കൈപ്പറ്റിയ കോഴികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.14/09.06.22) കോഴികളെ വാങ്ങിയത് സ്റ്റോക്കിലെടുത്ത രജിസ്റ്റർ നഷ്ടപ്പെട്ട് പോയതിനാൽ ഓഡിറ്റിന് ലഭ്യമാക്കാൻ സാധിക്കുകയില്ല എന്നറിയിക്കുകയും മുൻപ് സ്റ്റോക്കിലെടുത്ത പേജുകളുടെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകളിലെ അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയവ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-38 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയിൽ ചെലവഴിക്കാത്ത തുക ക്രമീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | 18/20- കന്നുകുട്ടി പരിപാലന പദ്ധതി |
| നടപ്പാക്കിയ വർഷം | 2019-20 |
| അടങ്കൽ തുക | 6,00,000/- |
| ചെലവഴിച്ച തുക | 3,00,000/- (വികസന ഫണ്ട്(ജനറൽ))<br>വൗച്ചർ നം. 21900889/26.10.19 |

2019-20 വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് 24 ഗുണഭോക്താക്കൾക്ക് 12,500/- രൂപ വീതം 3,00,000/- രൂപ കൈമാറിയിട്ടുണ്ട്. മേൽ പദ്ധതിയുടെ വ്യക്തിഗതനാൾ വഴി രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. മേൽ പദ്ധതിയുടെ വ്യക്തിഗത നാൾ വഴി രജിസ്റ്ററിലെ കൈപ്പറ്റ് വിവരങ്ങളും കൈപ്പറ്റിയ മാസം വരെയുള്ള കാലിത്തീറ്റയുടെ സബ്സിഡി തുകകളും അനുസരിച്ച് 2019-20 വർഷത്തിൽ 24 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത കാലിത്തീറ്റയുടെ ആകെ സബ്സിഡി തുക 2,48,958/- രൂപ മാത്രമാണ്.

2. മേൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.14/09.06.22) എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറുടെ 10/06/2022 ലെ AHD/TSR/SLBP/TSR/323/2022 നമ്പർ കത്തും 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ 3,00,000/- രൂപയിൽ 2,90,172/- രൂപ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കുന്നത് സംബന്ധിച്ച് എസ്.എൽ.ബി.പി. അഡീഷണൽ ഡയറക്ടറിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മേൽ കത്തിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 നേരിട്ട് ചെലവഴിക്കപ്പെടുന്ന ഗുണഭോക്തൃവിഹിതം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വെറ്റിനറി സർജൻ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ നൽകുന്ന സബ്സിഡിക്ക് ആനുപാതികമായി ഗുണഭോക്തൃവിഹിതം (ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ മുഖേന ലഭ്യമാക്കുന്നത്) നേരിട്ട് ചെലവഴിക്കപ്പെടുന്നുണ്ട്. എന്നാൽ ടി ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രൊജക്ടിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 10/20- കറവപ്പശു വളർത്തൽ | വികസന ഫണ്ട് - 550000<br>മറ്റുള്ളവ (വായ്പ)- 550000 | വികസന ഫണ്ട്- 550000<br>മറ്റുള്ളവ (വായ്പ)- 550000 | വികസന ഫണ്ട് - 550000<br>മറ്റുള്ളവ (വായ്പ) - ഇല്ല |
| 12/20- പോത്തുകുട്ടി വളർത്തൽ | വികസന ഫണ്ട് - 1,00,000<br>മറ്റുള്ളവ (വായ്പ)- 1,00,000 | വികസന ഫണ്ട് - 1,00,000<br>മറ്റുള്ളവ (വായ്പ)- 1,00,000 | വികസന ഫണ്ട് - 1,00,000<br>മറ്റുള്ളവ (വായ്പ)- ഇല്ല. |
| 18/20- കന്നുകുട്ടി പരിപാലന പരിപാടി | വികസന ഫണ്ട് - 3,00,000<br>മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം)- 3,00,000 | വികസന ഫണ്ട് -3,00,000<br>മറ്റുള്ളവ (ഗുണഭോക്തൃവിഹിതം)- 3,00,000 | വികസന ഫണ്ട് - 3,00,000<br>മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം)- ഇല്ല |
| 11/20- കറവപ്പശു വളർത്തൽ- എസ്.സി. | വികസന ഫണ്ട് - 1,05,000<br>മറ്റുള്ളവ (വായ്പ)- 45,000 | വികസന ഫണ്ട് - 1,05,000<br>മറ്റുള്ളവ (വായ്പ)- 45,000 | വികസന ഫണ്ട് - 1,05,000<br>മറ്റുള്ളവ (വായ്പ)- ഇല്ല. |

പ്രൊജക്ടുകൾക്കായി ചെലവഴിച്ച മുഴുവൻ തുകയും ചെലവ് പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഭാവിയിൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-40 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ

പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -149/20 – വികാസ് ഭവനിലെ ആയുർവേദ ഡിസ്പെൻസറിയിലേക്ക് അടിസ്ഥാന സൌകര്യം വർധിപ്പിക്കൽ<br>അടങ്കൽ - 215000/-<br>കരാർ തുക – 212344/-<br>കരാറുകാരൻ - കെ പി കുഞ്ഞിമോൻ ഹാജി<br>എഗ്രിമെന്റ് നം.10/AE/LSGD/KTKPL /2017-18 Dt.16.01.2018<br>അളവു പുസ്തകം-54/18-19<br>ട്രഷറി ബിൽ നമ്പർ 2/15.5.2019<br>ചെലവ് തുക – 149280/-<br>(സാങ്കേതിക അനുമതി പ്രകാരം 6മാസം | 16.1.2018 | 15.7.2018 | 18.3.2019 | 6370 (3%) |
| 2 | പ്രോജക്ട് നമ്പർ -151/20 – അംഗൻവാടി (നമ്പർ 42) കെട്ടിടനിർമ്മാണം<br>അടങ്കൽ - 1000000/-<br>കരാർ തുക – 936396/-<br>കരാറുകാരൻ - സി കെ മൊയ്തീൻകുട്ടി<br>എഗ്രിമെന്റ് നം.45/AE /LSGD/KTKPL/2017-18 Dt.07.03.2018<br>അളവു പുസ്തകം-44/19, 81/15-16<br>ട്രഷറി ബിൽ നമ്പർ 1/15.5.2019 4/15.5.2019<br>ചെലവ് തുക – 950000/- 47051/-<br>(സാങ്കേതിക അനുമതി പ്രകാരം 6മാസം) | 7.3.2018 | 6.9.2018 | 03.01.2019 | 28092 (3%) |
| | ആകെ | | | | 34462 |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/8.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. മുകളിൽ പറഞ്ഞ പ്രകാരം 34462 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

**1-41 മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല**

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്താതെ നൽകിയതിനാൽ 13,604 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 151/20 |
| പ്രോജക്റ്റിന്റെ പേര് | അംഗൻവാടി (നമ്പർ 42) കെട്ടിടനിർമ്മാണം വാർഡ് 1 |
| ചെലവ് | 997051/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 1/15.5.19 – 950000/- (കെട്ടിട നിർമ്മാണം) |
| | 4/15.5.19 – 47051/- (Electrification) |
| കരാറുകാരൻ | സി കെ മൊയ്തീൻകുട്ടി |
| എഗ്രിമെന്റ് നമ്പർ/തീയതി | 45/AE/LSGD/KTKPL/2017-18 Dt. 7.3.2018 |
| TS No. | 89918/17-18 |
| അളവ് പുസ്തകം | 44/19, 81/15-16 |
| കരാർ തുക | 936396/- |
| ബിൽതുക | 950000/- |
| അധികം നൽകിയത് | 13604/- |

മുകളിൽ പറഞ്ഞ പ്രകാരം ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/8.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാലാണ് കരാർ തുകയിൽ പരിമിതപ്പെടുത്താതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അതനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാനാകില്ല. അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-42 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി-കൃത്യമായ യോഗം ചേരൽ നടക്കുന്നില്ല.

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിക്കേണ്ട കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 2019-20 ൽ 11/06/2019 നും, 06/01/20 നും 28/03/2020 നുമായി 3 തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. മാത്രമല്ല 2020-21, 2021-22 എന്നീ വർഷങ്ങളിൽ യാതൊരു യോഗങ്ങളും നടത്തിയിട്ടുമില്ല. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. മിനുറ്റ്സ് പരിശോധിച്ചതിൽ ഇത്തരത്തിൽ യാതൊരു വിലയിരുത്തലുകളും, ചർച്ചകളും നടത്തിയതായി കാണുന്നില്ല. മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

(സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക.)

## 1-43 പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ

ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 21900883 | 23.10.2019 | ദേശാഭിമാനി | 5796 |
| 2 | 21900929 | 26.11.2019 | ദേശാഭിമാനി | 13524 |
| 3 | 21900972 | 11.1.2020 | ദേശാഭിമാനി | 5796 |
| 4 | 21900998 | 31.1.2020 | ദേശാഭിമാനി | 5796 |
| 5 | 21900030 | 09.4.2019 | ദേശാഭിമാനി | 5796 |
| | ആകെ | | | 36708 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച കിട്ടുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പത്രം ആവശ്യപ്പെട്ട പ്രകാരമുള്ള തുക അനുവദിച്ച നല്കുകയാണ് ചെയ്തിട്ടുള്ളത്. അതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 26/13.06.2022 നമറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിലെ ബിൽ തുകകളിൽ ഡിസ്കൗണ്ടു തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്ടുകൾ നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) എസ്.സി.വിഭാഗം പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

പ്രോജക്ട് നം. - 38/2019-20

അടങ്കൽ – 6,61,334 (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 3,85,951 (ബിൽ നം.05/2019-20 തീ. 26.3.20)

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പ്രൊഫഷണൽ/ ബിരുദ കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായിരുന്നു പ്രോജക്ട്. നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ആരും തന്നെ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്ററിൽ ലാപ് ടോപ്പുകൾ ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4) പ്രൊഫഷണൽ/ ബിരുദ കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് 17 ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് 3,85,951/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് ബിൽ, റസീപ്റ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

II) എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം

പ്രോജക്ട് നം.40/2019-20

അടങ്കൽ -1,00,000 (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 99,996 (ബിൽ നം.04/2019-20 തീ. 13.3.20)

പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്ക് ഫർണ്ണീച്ചർ നൽകിയതായി കാണുന്നു. എന്നാൽ ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

III) എസ്.സി.വിഭാഗം പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ )

പ്രോജക്റ്റ് നം.145/2019-20

അടങ്കൽ -5,19,175 (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 1,09,732 (ബിൽ നം.01/2019-20 തീ. 30.4.19)

മേൽ പ്രൊജക്റ്റ് പ്രകാരം വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 26.3.19 തീയതിയിൽ 8687 എന്ന ഇൻവോയ്സ് പ്രകാരം 4 കംപ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.
പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ 4 കംപ്യൂട്ടറുകൾ ഏതെല്ലാം വിദ്യാർത്ഥികൾക്ക് നൽകി എന്നതിന്റെ പേരോ മറ്റു വിവരങ്ങളോ ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല.
2) വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3) ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4) പ്രൊഫഷണൽ/ ബിരുദ കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായിരുന്നു പ്രോജക്റ്റ്. നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ആരും തന്നെ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

IV) തുല്യത പരീക്ഷക്ക് ധനസഹായം

പ്രോജക്റ്റ് നമ്പർ : 41/2019-20

അടങ്കൽ : ₹ 25,000

ചെലവ് : ₹ 20,200/-

1. ബിൽ നമ്പർ 6/19-20 തീ: 13.3.20 ₹ 7,000/-
2. ബിൽ നമ്പർ 7/19-20 തീ: 30.3.20 ₹ 13,200/-

ഗ്രാമ പഞ്ചായത്തിലെ 10-ാം തരം തുല്യതയുടെ 4 പഠിതാക്കളുടെയും ഹയർ സെക്കന്ററി വിഭാഗം 6 പഠിതാക്കളുടെയും രജിസ്ട്രേഷൻ ഫീസായി യഥാക്രമം ₹ 7,000/-, ₹ 13,200/- ചേർത്ത് ആകെ ₹ 20,200/- കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57026996123) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് ഫയലിൽ ലഭ്യമല്ല. മാത്രമല്ല പത്താം ക്ലാസ്, പന്ത്രണ്ടാംക്ലാസ്സ് തുല്യതാപരീക്ഷയ്ക്ക് പരീക്ഷാഫീസ് അടവാക്കിയ പഠിതാക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ, അറ്റൻഡൻസ്, പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 8/തീയതി: 8.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ ₹ 6,15,879 (₹3,85,951 + ₹99,996 + ₹ 1,09,732 +₹ 20,200) തടസ്സത്തിൽ വയ്ക്കുന്നു.

## 1-45 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിങ്ങ് റിപ്പോർട്ട് കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഓഡിറ്റിന് ആവശ്യമായ ചുവടെ ചേർത്തിരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ/തീ. | തുക | തുക നൽകിയ സ്ഥാപനം | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 198/20-കാൻ പദ്ധതിയ്ക്കു തുക | 21900878/ 30.11.2019 | 80000 | ജില്ലപഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | വകയിരുത്തൽ | | | | |
| 2 | 199/20-എ.ബി.സി പദ്ധതിയ്ക്ക് തുകവകയിരുത്തൽ | 21900345/ 22.7.2019 | 42000 | ജില്ലമിഷൻ കുടുംബശ്രീ | വിനിയോഗ സാക്ഷ്യപത്രം |
| 3 | 48/20-ജെന്റർ റിസോഴ്സ് സെന്റർ | 21900858/06.8.2019 | 200000 | ചെയർപേഴ്സൺ മെമ്പർ സെക്രട്ടറി-കുടുംബശ്രീ | ഏതെല്ലാം ആവശ്യങ്ങൾക്ക് തൻവർഷം വിനിയോഗിച്ച എന്നതിന്റെ വിവരം ഉൾപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം |
| 4 | 105/20-വനിത ഫെസിലിറ്റി സെന്ററിന് പഞ്ചായത്ത് വിഹിതം | 21901103/ 23.10.2019 | 300000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |
| 5 | 221/20-കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | 21900926/22.11.2019 | 48538 | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ, പദ്ധതിയുടെ കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം |
| 6 | 136/20-കുഴൽ കിണർ നിർമ്മാണം | 21900927/22.11.2019 | 831000 | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ, തുയുടെ കൈപ്പറ്റ് രസീത്, പദ്ധതിയുടെ കംപ്ലീഷൻ റിപ്പോർട്ട്,മോണിറ്ററിങ്ങ് റിപ്പോർട്ട്,വിനിയോഗ സാക്ഷ്യപത്രം |
| 7 | 197/20-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900862/20.8.2019 | 18883 | കെ.എസ്.ഇ.ബി (കോട്ടോൽപുതിയ അങ്കണവാടിയുടെ വശത്തുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക.) | ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. തുയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| | | 21900980/20.1.2020 | 19065 | കെ.എസ്.ഇ.ബി (വാർഡ്13,വാർഡ് 2 എന്നിവിടങ്ങളിലെ പോസ്റ്റ് മാറ്റുന്നതിന് നൽകിയ തുക) | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| 8 | 193/20-നമ്പരപ്പടവിലേക്ക് ഇല്ക്ട്രിക്ക് ലൈൻ നീട്ടൽ | 21900941/9.12.2019 | 197125 | കെ.എസ്.ഇ.ബി | പദ്ധതിയുടെ കംപ്ലീഷൻ റിപ്പോർട്ട്,മോണിറ്ററിങ്ങ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം |
| 9 | 222/20-കമ്മീഷണർറോഡിൽ ഇലക്ട്രിക്ക് പോസ്റ്റ്&സ്ട്രീറ്റ് മെയിൻ | 21900981/ 20.1.2020 | 14793 | കെ.എസ്.ഇ.ബി | വിനിയോഗ സാക്ഷ്യപത്രം |

ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുംവരെ വിവധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ (ക്രമ നമ്പർ5മുതൽ 9വരെ) 11,29,404/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/5.6.2022)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -149/20 – വികാസ് ഭവനിലെ ആയുർവേദ ഡിസ്പെൻസറിയിലേക്ക് അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ<br>അടങ്കൽ - 215000/-<br>കരാർ തുക – 212344/-<br>കരാറുകാരൻ - കെ പി കുഞ്ഞിമോൻ ഹാജി<br>എഗ്രിമെന്റ് നം.10/AE/LSGD/KTKPL /2017-18 Dt.16.01.2018<br>അളവു പുസ്തകം-54/18-19 | 16.1.2018 | 15.7.2018 | 18.3.2019 | 6370 (3%) |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി ബിൽ നമ്പർ 2/15.5.2019<br>ചെലവ് തുക – 149280/-<br>(സാങ്കേതിക അനുമതി പ്രകാരം 6മാസം | | | | | |
| 2 | പ്രോജക്റ്റ് നമ്പർ -151/20 – അംഗൻവാടി (നമ്പർ 42) കെട്ടിടനിർമ്മാണം<br>അടങ്കൽ - 1000000/-<br>കരാർ തുക – 936396/-<br>കരാറുകാരൻ - സി കെ മൊയ്തീൻകുട്ടി<br>എഗ്രിമെന്റ് നം.45/AE /LSGD/KTKPL/2017-18 Dt.07.03.2018<br>അളവു പുസ്തകം-44/19, 81/15-16<br>ട്രഷറി ബിൽ നമ്പർ 1/15.5.2019<br>4/15.5.2019<br>ചെലവ് തുക – 950000/-<br>47051/-<br>(സാങ്കേതിക അനുമതി പ്രകാരം 6മാസം) | 7.3.2018 | 6.9.2018 | 03.01.2019 | 28092 (3%) | |
| | ആകെ | | | | 34462 | |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/8.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. മുകളിൽ പറഞ്ഞ പ്രകാരം 34462 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്താതെ നൽകിയതിനാൽ 13,604 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 151/20 |
| പ്രോജക്റ്റിന്റെ പേര് | അംഗൻവാടി (നമ്പർ 42) കെട്ടിടനിർമ്മാണം വാർഡ് 1 |
| ചെലവ് | 997051/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 1/15.5.19 – 950000/- (കെട്ടിട നിർമ്മാണം) |
| | 4/15.5.19 – 47051/- (Electrification) |
| കരാറുകാരൻ | സി കെ മൊയ്തീൻകുട്ടി |
| എഗ്രിമെന്റ് നമ്പർ/തീയതി | 45/AE/LSGD/KTKPL/2017-18 Dt. 7.3.2018 |
| TS No. | 89918/17-18 |
| അളവ് പുസ്തകം | 44/19, 81/15-16 |
| കരാർ തുക | 936396/- |
| ബിൽതുക | 950000/- |

| | |
|---|---|
| അധികം നൽകിയത് | 13604/- |

മുകളിൽ പറഞ്ഞ പ്രകാരം ബിൽ തുക കരാർ തുകയിൽ ക്ലിപ്തപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/8.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യതിനാലാണ് കരാർ തുകയിൽ പരിമിതപ്പെടുത്താതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അതനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാനാകില്ല. അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിവരങ്ങൾ ലഭ്യമാക്കിയില്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് ഭവന പദ്ധതി | 175/ഡിബി-1/15/ തസ്വഭവ തീയതി 19.8.2015 | 19.8.2015 | 1920000 | 11302900 | 2036761 | 9266139 |
| ലൈഫ് ഭവന പദ്ധതി | -- | -- | 660000 (തൻവർഷം) | 2214687 | 426470 | 2448217 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-2 | 2017-18 | 3-2 | തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല | തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചു.എന്നാൽ ടാപ്പുകളെ സംബന്ധിച്ച റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. |
| 2015-16 | 2-1 | 2018-19 | 2.1 | ബിഎസ്എൻഎൽ സ്ഥാപന നികുതി അടവാക്കാത്തത് | ബിഎസ്എൻഎൽ-ന് ആർ ആർ നൽകിയിട്ടുണ്ടെന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | | അറിയിക്കുന്നു. |
| 2001-02 | 3.5 | 2007-08 | 3.5 | പീഠികേശ്വരം റോഡ് | 04.04.2022-ൽ അവസാന റിപ്പോർട്ട് നൽകി. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,50,86,030 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,88,33,325 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,59,730 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സർച്ചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | തുക | |
| 3-1 | 34462 | ശ്രീ പ്രസൂൺ പി പി, അസി. എഞ്ചിനീയർ |
| 3-2 | 13604 | ശ്രീ പ്രസൂൺ പി പി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 37,500 | പി.ശ്രീകുമാരി,സെക്രട്ടറി |
| 1-33 | 4,98,920 | പി.ശ്രീകുമാരി,സെക്രട്ടറി |
| 1-34 | 1,55,000 | ഷാനിബ ടി.എം,അസി.സെക്രട്ടറി |
| 1-35 | 6,23,027 | പി.ശ്രീകുമാരി,സെക്രട്ടറി |
| 1-45 | 11,29,404 | പി.ശ്രീകുമാരി,സെക്രട്ടറി |
| 1-44 | 6,15,879 | ശ്രീമതി ഷീല സി സി, ഹെഡ് മിസ്ട്രസ്സ് |
| | 30,59,730 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ പ്രസൂൺ പി പി, അസി.എഞ്ചിനീയർ | വിരമിച്ച | പൊന്നംപറമ്പിൽ വീട്, ഗുരുവായൂർ പി ഒ, തൃശ്ശൂർ ജില്ല |
| ശ്രീകുമാരി പി.എം, സെക്രട്ടറി | ലഭ്യമാക്കിയില്ല | ശ്രുതി,പുള്ളർക്കര,അയ്യന്തോൾ തൃശ്ശൂർ |
| ഷാനിബ ടി എം, അസി.സെക്രട്ടറി | ലഭ്യമാക്കിയില്ല | കൊട്ടിലവളപ്പിൽ വീട്, പതാക്കര,കരിക്കാട്-680519 |
| ശ്രീമതി. ഷീല സി സി, ഹെഡ് മിസ്ട്രസ്സ് | ലഭ്യമാക്കിയില്ല | പുലിക്കോട്ടിൽ വീട്, കാഞ്ഞിരത്തിങ്കൽ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 10 – 50/83 തി. 19.3.83 |
| 1981-82 | എൽ.എഫ്.ടി. 10 – 1957/84 തി. 28.10.84 |
| 1982-83 | എൽ.എഫ്.ടി. 10 – 1501/87 തി. 11.5.88 |
| 1983-84 | എൽ.എഫ്.ടി. 10 – 1277/88 തി. 26.7.88 |
| 1984-85 | എൽ.എഫ്.ടി. 10 – 67/90 തി. 3.2.90 |
| 1985-86 | എൽ.എഫ്.ടി. 10 – 2050/90 തി. 30.7.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10 – 1093/92 തി. 23.3.93 |
| 1988-89,89-90 | എൽ.എഫ്.ടി. 10 – 176/94 തി. 25.6.94 |
| 1990-91 | എൽ.എഫ്.ടി. 10 – 1691/94 തി. 29.8.95 |
| 1992-93,93-94 | എൽ.എഫ്.ടി. 10 – 430/95 തി. 20.11.95 |
| 1995-96 | എൽ.എഫ്.ടി. 10 – 752/2001തി. 6.2.01 |
| 96-97 | എൽ.എഫ്.ടി. 10 – 356/93 തി. 24.10.00 |
| 97-98 | എൽ.എഫ്.ടി. 10 – 1097/99 തി. 28.5.2000 |
| 98-99 | എൽ.എഫ്.ടി. 10 – 943/2000 തി. 14.9.2000 |
| 99-2000 | എൽ.എഫ്.ടി. 10 – 1680/02 തി. 14.9.00 |
| 2000-01, 01-02( പ്ലാൻ) | എൽ.എഫ്.ടി. 10 – 1398/03 തി. 13.11.03 |
| 2001-02 | എൽ.എഫ്.ടി. 10 – 2406/07 തി. 7.12.07 |
| 2002-03 | എൽ.എഫ്.ടി. 10 – 2448/07 തി. 20.12.08 |
| 2003-04 | എൽ.എഫ്.ടി. 10 – 2147/07 തി. 20.12.08 |
| 2004-05 | എൽ.എഫ്.ടി. 10 – 2149/07 തി. 20.12.08 |
| 2005-06, | എൽ.എഫ്.ടി. 10 – 2150/07 തി. 20.12.08/6.2.09 |
| 2006-07 | എൽ.എഫ്.ടി. 10 – 540/10 തി. 18.9.10/1.9.11 |
| 2007-08 | എൽ.എഫ്.ടി.പി 2 – 1920/11 തി. |
| 2008-09 | എൽ.എഫ്.ടി.പി 2 – 1921/11 തി. 27.2.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി 2 – 1422/12 തി. |

| | |
|---|---|
| 2011-12 | എൽ.എഫ്.ടി.പി 6 – 1976/13 തി. 2.6.14/16.7.14 |
| 2012 -13 | എൽ.എഫ്.ടി.പി 9 – 1838/14 തി. 16.3.15/11.5.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി 9 –1686/15, 23.12.2015/16.1.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1148/16,16/7/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -2051/16,7.12.16/17.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1314/2017തീയതി 18.09.17/12.10.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി 6) -1674/2018തീയതി 10.01.19 |
| 2018-19 | കെഎസ്എടിഎസ്ആർ.പി6-329/2020 തീയതി 13.5.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്